# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 350      23.01.2018 — ൽ മറുപടിക്ക്

## ഓഖി ദുരന്തത്തെത്തുടർന്ന് റേഷൻകാർഡ് ഉപയോഗശൂന്യമായത്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ.ജെ. മാക്സി :** | | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |
| (എ) ഓഖി ദുരന്തത്തെത്തുടർന്ന് വീടുകളിൽ വെള്ളം കയറിയതിനാൽ ചെല്ലാനം പഞ്ചായത്തിലെ പല വീടുകളുടെയും റേഷൻകാർഡ് ഉപയോഗ ശൂന്യമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഇല്ല. ഇതു സംബന്ധിച്ച പരാതികൾ ലഭ്യമായാൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) എങ്കിൽ ഇത്തരം കുടുംബങ്ങൾക്ക് പകരം പുതിയ റേഷൻകാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) റേഷൻകാർഡിന്റെ അഭാവത്തിൽ ദുരിതബാധിതർക്ക് പ്രഖ്യാപിച്ച സൗജന്യറേഷൻ ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇല്ല. 02.12.17 ലെ 920/17/മ.ഉ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഓഖി ചുഴലിക്കാറ്റ് മൂലം ദുരിതമനുഭവിക്കുന്ന 9 ജില്ലകളിലെ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് 02.12.17, 04.12.17 എന്നീ തീയതികളിലെ സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 15 കിലോഗ്രാം അരി വീതം റേഷൻകാർഡിൽ 'മത്സ്യതൊഴിലാളി' എന്ന് രേഖപ്പെടുത്തിയ കാർഡുടമകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. 07.12.17 ലെ സർക്കാർ നിർദ്ദേശ പ്രകാരം ഒരു മാസത്തെ സൗജന്യ റേഷൻ (ഡിസംബർ മാസത്തെ വിഹിതം) ടി കാർഡുകൾക്ക് 31.12.17-ന് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പൊന്നാനി, കയ്പമംഗലം എന്നീ തീരദേശ പ്രദേശങ്ങളിൽ വിവിധ കാരണങ്ങളാൽ കാർഡ് പുതുക്കാത്തവർക്കും കാർഡിൽ 'മത്സ്യ തൊഴിലാളി' എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ദുരിതമനുഭവിച്ച ചിലർക്ക് പ്രസ്തുത സൗജന്യ റേഷൻ ലഭ്യമായിട്ടില്ല എന്ന പരാതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - 'ഓഖി' ചുഴലിക്കാറ്റ് മൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 920/2017/മ.തു.വ. തീയതി, തിരുവനന്തപുരം, 02.12.2017**

---

**ഉത്തരവ്**

'ഓഖി' ചുഴലിക്കാറ്റ് മൂലം ദുരിതമനുഭവിക്കുന്ന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഒരാഴ്ചക്കാലത്തേക്കുള്ള സൗജന്യ റേഷൻ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇതിനാവശ്യമായ അരിവിതരണമടക്കമുള്ള തുടർനടപടികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**മുഹമ്മദ് അൻസാരി**
ജോയിന്റ് സെക്രട്ടറി

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്: - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക
ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക
ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ഭക്ഷ്യ, പൊതുവിതരണ (ഡി) വകുപ്പ്

നം. 1E/D2/2017/ഭ.പൊ.വി.വ

തിരുവനന്തപുരം,
തീയതി: 02.12.2017

ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

സിവിൽ സപ്ലൈസ് ഡയറക്ടർ

സർ,

വിഷയം: ഭക്ഷ്യ പൊതുവിതരണ വകുപ്പ് - മൽസ്യ തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകുന്നത് - സംബന്ധിച്ച്

സൂചന: മൽസ്യബന്ധന തുറമുഖ വകുപ്പിന്റെ 2 -12 -2017 ലെ സ. ഉ (സാധാ ) 920 /2017 നമ്പർ സർക്കാർ ഉത്തരവ്.

സൂചനയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ആയത് പ്രകാരം മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് ഒരാഴ്ചത്തേക്ക് 15 കിലോഗ്രാം അരി വിതരണം ചെയ്യേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു. സൗജന്യ റേഷൻ നൽകേണ്ട മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളെ റവന്യൂ ഫിഷറീസ് എന്നീ വകുപ്പുകൾ കണ്ടെത്തേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ സൗജന്യ റേഷന് ആവശ്യമായ അരി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ യിൽ നിന്നും OMSS (ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം) നിരക്കിൽ വാങ്ങുന്നതും ആയതിന്റെ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും കണ്ടെത്തുന്നതുമാണ് എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

**മണിലാൽ.ബി.എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**
സ്പെഷ്യൽ സെക്രട്ടറിക്കു വേണ്ടി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. മത്സ്യ ബന്ധന തുറമുഖ (ബി) വകുപ്പ്
2. റവന്യൂ വകുപ്പ്
3. ധനകാര്യ വകുപ്പ്
4. കരുതൽ ഫയൽ , ഓഫീസ് കോപ്പി

**കേരള സർക്കാർ**

**ഭക്ഷ്യ, പൊതുവിതരണ (ഡി) വകുപ്പ്**

നം. 112/ഡി2/2017/ഭ.പൊ.വി.വ

തിരുവനന്തപുരം

തീയതി: 04.12.2017

[illegible] സ്പെഷ്യൽ സെക്രട്ടറി

സിവിൽ സപ്ലൈസ് ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം: ഭക്ഷ്യ പൊതുവിതരണ വകുപ്പ് - മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ - സംബന്ധിച്ച്

സൂചന: 02.12.2017 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊടുങ്കാറ്റും പേമാരിയും തീരദേശ മേഖലയെ ഒന്നാകെ ദോഷകരമായി ബാധിച്ച സാഹചര്യത്തിൽ റേഷൻ കാർഡിൽ മത്സ്യത്തൊഴിലാളി എന്ന് രേഖപ്പെടുത്തിയിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും, മുൻഗണന/മുൻഗണനേതര തരംതിരിവില്ലാതെ സൗജന്യ റേഷൻ അനുവദിക്കാൻ ഇതിനാൽ നിർദ്ദേശം നല്കുന്നു.

വിശ്വസ്തതയോടെ

**മണിലാൽ. ബി. എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

സ്പെഷ്യൽ സെക്രട്ടറിക്കു വേണ്ടി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ് :-**

1. മൽസ്യബന്ധന തുറമുഖ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. മൽസ്യബന്ധന തുറമുഖ (ബി) വകുപ്പ്
3. ധനകാര്യ വകുപ്പ്
4. റവന്യൂ വകുപ്പ്
5. കരുതൽ ഫയൽ , ഓഫീസ് കോപ്പി

ഫാക്സ്

**കേരള സർക്കാർ**

**ഭക്ഷ്യ, പൊതുവിതരണ (ഡി) വകുപ്പ്**

[illegible] 12 2017/ഭ.പൊ.വി.വ

തിരുവനന്തപുരം
തീയതി: 07.12.2017

പ്രിൻസിപ്പൽ സ്പെഷ്യൽ സെക്രട്ടറി

സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ സപ്ലൈ ഓഫീസർ, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/എറണാകുളം/
തൃശ്ശൂർ/മലപ്പുറം/കോഴിക്കോട്/കണ്ണൂർ/കാസർഗോഡ്.

സർ,

വിഷയം: ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ഓഖി ചുഴലി കൊടുങ്കാറ്റ് - മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നല്കുന്നത് - സംബന്ധിച്ച്

സൂചന: 1. 02.12.2017, 04.12.2017 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകൾ.
2. 06.12.2017 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ 1723 ഒ.എ.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) ലെ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള 15 കിലോഗ്രാം അരി കൂടാതെ ഒരു മാസത്തെ സൗജന്യ റേഷൻ (ഡിസംബർ മാസത്തെ വിഹിതം) കൂടി അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. ആയതിനാൽ പരാതിക്ക് ഇടം നല്കാതെ ഗുണമേന്മയുള്ള അരി കൃത്യമായ അളവിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഇതിനാൽ നിർദ്ദേശം നല്കുന്നു.

വിശ്വസ്തതയോടെ
**മണിലാൽ.ബി.എസ്**
ഡെപ്യൂട്ടി സെക്രട്ടറി
സ്പെഷ്യൽ സെക്രട്ടറിക്കു വേണ്ടി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്
3. മൽസ്യബന്ധന തുറമുഖ (ബി) വകുപ്പ്
4. റവന്യൂ വകുപ്പ്
5. ധനകാര്യ വകുപ്പ്
6. കരുതൽ ഫയൽ. ഓഫീസ് കോപ്പി